# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **379**

**12-01-2021** ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ്ജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കടൽക്ഷോഭം പോലുള്ള പ്രതിഭാസങ്ങളെ ചെറുക്കുന്ന തരത്തിലുള്ള ആധുനിക സാങ്കേതിക വിദ്യ ഉൾപ്പെടുത്തിയുള്ള തുറമുഖ നിർമ്മാണമാണോ വിഴിഞ്ഞത്ത് നടക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | (എ) കടൽ ക്ഷോഭങ്ങൾ പോലുള്ള പ്രതിഭാസങ്ങളെ ചെറുക്കുവാൻ ശേഷിയുള്ള രീതിയിലാണ് തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ട്, ബെർത്ത് തുടങ്ങിയവ രൂപകല്പന ചെയ്ത് നിർമ്മാണം പുരോഗമിക്കുന്നത്. തിരയുടെ ആഘാതം പ്രതിരോധിക്കുന്ന പുലിമുട്ടിന് 100 വർഷത്തെ ആയുസ്സ് കണക്കാക്കി തീവ്രമായ കടൽ ക്ഷോഭങ്ങളെ ചെറുത്ത് നിൽക്കുവാൻ കെൽപ്പുള്ള രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. |
| (ബി) വിഴിഞ്ഞം തുറമുഖ പദ്ധതി കരാർ പ്രകാരം സമയ - ബന്ധിതമായി പൂർത്തിയാക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | (ബി) 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3 ന് ആയിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിശ്ചിത പൂർത്തീകരണ തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ സാധിച്ചില്ല. കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങൾമൂലം പരിമിതമായ രീതിയിൽ മാത്രമേ നിർമ്മാണം ഇപ്പോഴും സാധ്യമാകുന്നുള്ളൂ. ചീഫ് സെക്രട്ടറിയും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറുമായി 03-11-2020 ൽ നടത്തിയ വീഡിയോ കോൺഫറൻസിൽ 2021 ഡിസംബറോടുകൂടി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഗണ്യമായ ഭാഗം പൂത്തീകരിക്കാ-നാകുമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. |
| (സി) നാളിതുവരെ എത്ര ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പുരോഗതി ശതമാനക്കണക്കിൽ ചുവടെ ചേർത്തിരിക്കുന്നു. |

| ക്രമ നമ്പർ | നിർമ്മാണ പ്രവർത്തി | പൂർത്തീകരിക്കേണ്ടിയിരുന്നത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ നീളം | 20% |

| | | | |
|---|---|---|---|
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 33% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ് 100% പൂർത്തികരിച്ചു ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തികരിച്ചിട്ടുണ്ട്. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 4 ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി. |
| | | യാർഡ്ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| 6 | ഫിഷിംഗ് ഹാർബർ | 500 മീറ്റർ നീളമുള്ള ജെട്ടിയും മറ്റ് അനുബന്ധ സൗകര്യങ്ങളും | കരാറിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**